"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപറേഷന്റെ (സപ്ലൈകോ) കടമെടുപ്പ് പരിധി 2500 കോടിയിൽ നിന്നും 3500 കോടി രൂപയായി ഉയർത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭക്ഷ്യ പൊതുവിതരണ (സി) വകുപ്പ്**

സ.ഉ.(കൈ) നം.9/2026/F&CS തീയതി,തിരുവനന്തപുരം, 07-03-2026

---

പരാമർശം:-

1. G.O.(Ms) No. 18/2022/F&CS തീയതിയിലെ 22/09/2022.
2. 18/03/2023-ലെ സപ്ലൈകോ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ എ1-30954/17 നമ്പർ കത്ത്.
3. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 14/08/2025 തീയതിയിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.
4. ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 16/09/2025 തീയതിയിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.
5. ധനകാര്യ (പി.യു-ബി) വകുപ്പിന്റെ 21/02/2026 തീയതി യിലെ 1483097/PU-B3/18/2020-Fin നമ്പർ കുറിപ്പ്.

**ഉത്തരവ്**

കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപറേഷന്റെ (സപ്ലൈകോ) കടമെടുപ്പ് പരിധി 1900 കോടി രൂപയിൽ നിന്നും 2500 കോടി രൂപയായി പരാമർശം (1) പ്രകാരം ഉയർത്തി ഉത്തരവായിരുന്നു.

(2) വിവിധ സർക്കാർ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപറേഷന്റെ (സപ്ലൈകോ) കടമെടുപ്പ് പരിധി 2500 കോടി രൂപയിൽ നിന്നും 3500 രൂപയായി ഉയർത്തുന്നതിനും അതിന് ഗവണ്മെൻ്റ് ഗ്യാരണ്ടി നൽകുന്നതിനും പരാമർശം (2) പ്രകാരം സപ്ലൈകോ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ സർക്കാരിൽ അഭ്യർത്ഥിക്കുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപറേഷന്റെ (സപ്ലൈകോ) കടമെടുപ്പ് പരിധി, 1000 കോടി രൂപയുടെ അധിക സർക്കാർ ഗ്യാരണ്ടിയോടെ, കേരള ബാങ്കിൽ പി.ആർ.എസ്. ഇനത്തിൽ നിലനിൽക്കുന്ന വായ്പ കുടിശ്ശിക ഒടുക്കുവാൻ പ്രാഥമിക കാർഷിക സഹകരണസംഘം കൺസോർഷ്യ ത്തിൽ (PACS) നിന്നും, ശേഷിക്കുന്ന തുക വിവിധ സർക്കാർ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി നിലവിലെ ബാങ്കിംഗ് കൺസോർഷ്യ ത്തിൽ നിന്നും 8

(എട്ട്) **വർഷക്കാലവധിയിൽ** കടമെടുക്കുന്നതിനായി സപ്ലൈകോയുടെ കടമെടുപ്പ് പരിധി 2500 കോടി രൂപയിൽ നിന്നും 3500 കോടി രൂപയായി ഉയർത്തുന്നതിന് ചുവടെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

***Terms and Conditions***

***(i)*** *Guarantee Commission @ 0.75% shall be remitted as per order in G.O. (Ms) 487/04/Fin dtd 16.10.2004 & Guarantee Act.*
***(ii)*** *Simple interest @ 12% shall be charged for delayed payments as specified in clause 5 of Government Order dtd 16.10.2004.*
***(iii)*** *Half yearly report shall be sent to Government in Finance Department with attested copies of chalans remitting Guarantee Commission & penal interest, if any indicating details of guaranteed amount, outstanding, guarantee commission payable (with details of Calculation).*
***(iv)*** *Administrative Department should ensure the remittance of Guarantee Commission dues if any,before the execution of deed.*
***(v)*** *Since Guarantee Commission cannot be waived as per Guarantee Act, Administrative Department may evolve a proper mechanism for the strict payment of Guarantee Commission without any fault.*
***(vi)*** *The Guarantee deed shall invariably contain the Govt Order No. & date of Government Guarantee, Amount & period of Guarantee & the Ceiling limit as per KCGG Act,2003 (as amended through Finance Act.2,2022) & should be get vetted by Law Dept.*

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, കൊച്ചി
പ്രിൻസിപ്പൽ അക്കൗണ്ടന്റ്ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം.
ധനകാര്യ (പി.യു-ബി) വകുപ്പ് (PU-B3/18/2020-Fin )
പൊതുഭരണ (എസ്.സി) വകുപ്പ് (05/03/2026 തീയതിയിലെ ഇനം.നം. ...... പ്രകാരം)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

**Signed by Veena V**
**Date: 09-03-2026 12:09:23**
സെക്ഷൻ ഓഫീസർ

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്